# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2992** **07.11.2019 ൽ മറുപടിക്ക്**

**തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ നിർമ്മാണ പ്രവൃത്തി**

| ചോദ്യം<br>ശ്രീ.മുരളി പെരുനെല്ലി | | മറുപടി<br>ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ നൽകാമോ; | (എ) | തൃശ്ശൂർ-കാഞ്ഞാണി-വാടാനപ്പള്ളി സംസ്ഥാന പാതയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തി 0/000 മുതൽ 9/000 (West Fort to Eravu to TFM School) വരെയുള്ള പ്രവൃത്തി 10.11.2016-ൽ ആരംഭിച്ചു. റോഡിന് ലഭ്യമായ വീതിയിൽ ബി.എം. പ്രവൃത്തിയും, കാന, റീട്ടെയിനിംഗ് വാൾ എന്നിവയുടെ പ്രവൃത്തികളും പുരോഗമിച്ചു കൊണ്ടിരിക്കുന്നു. |
| (ബി) | പ്രസ്തുത പാതയുടെ വികസനത്തിന് ഭൂമി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (ബി) | 50 ലക്ഷം രൂപ ഭൂമി ഏറ്റെടുക്കുന്നതിനുള്ള കണ്ടിജെൻസി ചാർജ്ജ് ഇനത്തിൽ റവന്യൂ വകുപ്പിന് നൽകിയിട്ടുണ്ട്. കൂടാതെ അരണാട്ടുകര, പുല്ലഴി, മനക്കൊടി, വെളുത്തൂർ, പരയ്ക്കാട്, എറവ് എന്നീ വില്ലേജുകളിലെ 3.7914 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി സ്ഥലത്തിന്റെ ഉദ്ദേശ വിലയായ 21,24,14,000/- രൂപയും 1.2 മൾട്ടിപ്ലിക്കേഷൻ ഫാക്ടും 100% സൊലേഷ്യവും അടക്കം 51,93,93,600 രൂപ അനുവദിക്കണമെന്ന് നിരത്ത് വിഭാഗം ചീഫ് എഞ്ചിനീയർ ആവശ്യപ്പെട്ടിരുന്നു. എന്നാൽ ധനകാര്യ വകുപ്പിന്റെ നിർദ്ദേശ പ്രകാരം ഭൂമി ഏറ്റെടുക്കൽ കേസുകളിൽ, 18/03/2019 ലെ സ.ഉ.(അച്ചടി) നം.32/2019/ധന ഉത്തരവ് പ്രകാരമുള്ള നടപടികൾ സ്വീകരിച്ച് പുതുക്കിയ ശുപാർശ സമർപ്പിക്കുവാൻ ചീഫ് എഞ്ചിനീയർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | എറവ് മുതൽ വാടാനപ്പള്ളി വരെയുള്ള രണ്ടാംഘട്ട പ്രവൃത്തികൾക്കായി സ്വീകരിച്ച നടപടികൾ എന്തെല്ലാം; വിശദമാക്കുമോ? | (സി) | എറവ് മുതൽ വാടാനപ്പിള്ളി വരെയുള്ള രണ്ടാം ഘട്ട പ്രവൃത്തിയായ " FD work 2018-19 flood rectification works to Thrissur - Vadanappilly road Ch 9/000 to 16/02 in Manalur LAC" എന്ന പ്രവൃത്തിക്ക് 22.12.2018-ലെ G.O (Rt) No. 1978/2018/PWD പ്രകാരം 250 ലക്ഷം രൂപ ഭരണാനുമതി നൽകി, കരാറുടമ്പടി വച്ച് ആരംഭിച്ചിട്ടുണ്ട് |

**സെക്ഷൻ ഓഫീസർ**